**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3510 — 20.06.2019 ൽ മറുപടിയ്ക്ക്

**കേരള സ്റ്റാർട്ട് അപ് മിഷന്റെ പ്രവർത്തനം**

| ചോദ്യം<br>ശ്രീ. വി.ടി.ബൽറാം | | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | കേരള സ്റ്റാർട്ട് അപ് മിഷന്റെ പ്രവർത്തനം വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് മികച്ച ഒരു സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ ഘടകങ്ങളടങ്ങിയ യുവ സംരംഭകത്വ വികസന പദ്ധതിയും ടെക്നോളജി ഇന്നവേഷൻ സോൺ എന്ന പദ്ധതിയും കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പിലാക്കിവരുന്നു. |
| (ബി) | യുവാക്കളായ പുതുസംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശവും ഉപദേശവും നൽകുവാൻ സ്റ്റാർട്ട് അപ് മിഷൻ എത്രമാത്രം വിജയിച്ചിട്ടുണ്ട്; | (ബി) | യുവാക്കളായ പുതു സംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും സഹായവും നൽകുന്നത് ലക്ഷ്യമിട്ട് യുവ സംരംഭകത്വ വികസന പദ്ധതിയുടെ ഘടകമായ ഇവാഞ്ചലൈസേഷൻ സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി യുവ സംരംഭകരെ ലക്ഷ്യമിട്ടുകൊണ്ട് ഇതിനോടകം 226 കോളേജുകളിൽ ഇന്നവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ആശയം ആദ്യ മാതൃകയായി വികസിപ്പിക്കുന്നതിന് ധനസഹായമായി 2 ലക്ഷം രൂപ വരെയും ആദ്യ മാതൃക ഉല്പന്നമായി മാറ്റുന്നതിന് 7 ലക്ഷം രൂപ വരെയും ഉത്പന്നം വിപണിയിൽ എത്തിക്കുന്നതിന് 12 ലക്ഷം രൂപ വരെയും ഗ്രാന്റ് ആയി നൽകുന്ന ഇന്നവേഷൻ ഗ്രാന്റ് പദ്ധതി സ്റ്റാർട്ടപ്പുകൾ, വിദ്യാർത്ഥികൾ എന്നിവർക്കായി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഫ്രഞ്ച് സ്പേസ് ഏജൻസി സെന്ററുമായി സ്റ്റാർട്ട് അപ് മിഷൻ എന്തെങ്കിലും കരാർ ഒപ്പ് വച്ചിട്ടുണ്ടോ; ഇതിലൂടെ ലഭിക്കുന്ന സഹായങ്ങൾ എന്തൊക്കെയാണ്? | (സി) | ഫ്രഞ്ച് ശാസ്ത്രീയ സാങ്കേതിക ഏജൻസിയായ 'The Center National d'Etudes Spatiales' മായി കേരള സ്റ്റാർട്ടപ്പ് മിഷൻ ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. സ്പെയിസ് സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകൾക്കായി സ്ഥാപിച്ചിട്ടുള്ള STADE ഇങ്കുബേറ്ററിലെ സ്റ്റാർട്ടപ്പുകൾക്ക് സാങ്കേതിക വിദ്യയിലും വിപണനത്തിനും ഫ്രഞ്ച് ഏജൻസിയുടെ സഹായ സഹകരണങ്ങൾ ലഭ്യമാകും എന്നതാണ് പ്രസ്തുത ധാരണ പത്രത്തിലെ ധാരണ. |

Sajan

**സെക്ഷൻ ഓഫീസർ**